**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം ഡയറക്ടറേറ്റ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എം.വിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്ത തരത്തിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര സാധ്യതകൾ പ്രയോജപ്പെടുത്തുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും ഈ മേഖലയിലെ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വനമേഖലയിൽ പ്രകൃതിക്ക് കോട്ടം തട്ടാത്ത വിധം പരിസ്ഥിതി സൗഹാർദ്ദപരമായി 60 ഇക്കോടൂറിസം കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. നിലവിലെ വനനിയമങ്ങൾക്കും വർക്കിംഗ് പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ /ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും അനുസൃതമായാണ് ടി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. എല്ലാ വർഷവും ഇക്കോടൂറിസം പ്ലാൻ ബജറ്റ് ശീർഷകത്തിൽ സർക്കാർ അനുവദിക്കുന്ന തുക ടൂറിസം വകുപ്പിൽ നിന്നുമുള്ള സാമ്പത്തിക സഹായം, ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF)-ൽനിന്നുള്ള തുക തുടങ്ങിയവ പ്രയോജനപ്പെടുത്തി പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത ഇക്കോടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിനും ഈ മേഖലയിലെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായുള്ള വനവികസന ഏജൻസികളും, സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസിയും, ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മറ്റിയും വിലയിരുത്തി വരുന്നുണ്ട്.<br><br>ഇക്കോടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുമായി ഓരോ ഇക്കോടൂറിസം പദ്ധതി പ്രദേശത്തിനുമായി സന്ദർശക വാഹകശേഷി പഠനം (Carrying Capacity Study) നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. കൂടാതെ സന്ദർശക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 27 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നാഷണൽ സേഫ്റ്റി കൗൺസിൽ വഴി സുരക്ഷാ വിലയിരുത്തൽ (Safety Audit) നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ പ്രകാരം വിവിധ ഏജൻസികൾ, സഹകരണ സംഘം എന്നിവയുടെ നിയന്ത്രണങ്ങളോടെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വനം വകുപ്പിന്റെയും, സർക്കാരിന്റെയും വിവിധ തലങ്ങളിൽ നടക്കുന്ന യോഗങ്ങളിൽ ഇവയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | ഇതിനായി ഇക്കോ ടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരളത്തിലെ വനമേഖലയിലെ ഇക്കോ ടൂറിസം സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും ഇക്കോ ടൂറിസം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ശിപാർശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം ഇക്കോടൂറിസം ഡയറക്ടറേറ്റിന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ സമിതി ശിപാർശ ചെയ്ത പ്രകാരം ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വനമേഖലയിലെ വിനോദസഞ്ചാരവും ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പും ഇക്കോ ടൂറിസം ഡയറക്ടറേറ്റിന് കീഴിൽ കൊണ്ടുവരുന്നതിന്റെ പ്രയോജനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. മേൽപ്പറഞ്ഞ പ്രകാരം വിവിധ ഏജൻസികൾ, സഹകരണ സംഘം എന്നിവയുടെ നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ വിപുലീകരിക്കുന്നതിനും പുതിയ ഇക്കോടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക, സ്വദേശ വിദേശ സഞ്ചാരികളിൽ ഇത് സംബന്ധിച്ച വിവരങ്ങൾ എത്തിക്കൽ, പദ്ധതി നടത്തിപ്പിനായി സാമ്പത്തിക സ്രോതസ്സ് കണ്ടെത്തൽ/ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ തുടങ്ങി വിവിധ പ്രയോജനങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ